എന്നാൽ ഏഴാം പദ്ധതികാലത്ത് തുക ഉൾക്കൊള്ളിച്ചിരുന്നുവെങ്കിലും ആറാം പദ്ധതികാലത്ത് ചെലവഴിച്ചതിന്റെ ബാക്കി സംഖ്യമാത്രമാണ് നീക്കിവെച്ചിരുന്നതെന്നാണ് അന്വേഷണത്തിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഈ തുക മതിയാവുകയില്ലെന്നും കൂടുതൽസംഖ്യ ആവശ്യമാണെന്നും റബർബോർഡ് ഇന്ത്യാഗവൺമെന്റിനെ അറിയിച്ചിരിക്കുകയാണ്. കേരളത്തിലേക്കുള്ളത് മറ്റുപ്രദേശങ്ങളിലേക്ക് കൊണ്ടുപോകുന്നുവെന്ന്, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു. ഇത് കേരള റബർബോർഡല്ല, ഇന്ത്യ റബർബോർഡാണ്. ഇന്ത്യയുടെ ഏതു ഭാഗത്തും റബർകൃഷി നടത്തുന്നതിനേയും ഉപയോഗിക്കുന്നതിനേയും നമുക്ക് കുറ്റംപറയാൻ നിവൃത്തിയില്ല. ഏതായാലുംശരി കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം ഇത് നിർത്തൽചെയ്തതിൽ ഉൽക്കണ്ഠയുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, പക്ഷേ അത് നിർത്തൽ ചെയ്തിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പണത്തിന്റെ പോരായ്മയുണ്ട്, ബഡ്ജറ്റിനേക്കാൾകൂടുതൽ വർക്ക് ഏറെടുക്കുമ്പോഴും അടുത്തവർഷംവരുമ്പോഴും ആ കടംവീട്ടുന്ന സ്ഥിതിയാണ് റബർബോർഡിന്റെ സംഗതിയിൽ കാണാൻസാധിച്ചത്. ആറാം പദ്ധതിയിൽ ചെലവഴിച്ച സംഖ്യ ഏഴാംപദ്ധതിയിൽനിന്ന് ചെലവഴിക്കുന്നതുകൊണ്ട് പണത്തിന്റെ കുറവുണ്ടായിട്ടുണ്ട്. ഏതായാലും ശരി ഇത് ഇന്ത്യാഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഏഴാംപദ്ധതി ഫൈനലൈസ് ചെയ്യുമ്പോൾ ഇതിനുപരിഹാരം ഉണ്ടാകുമെന്ന് വിശ്വസിക്കാം. ഏതായാലും സംസ്ഥാന ഗവൺമെന്റ് ഈ കാര്യം ഇന്ത്യാഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

## (iii) കാശ്മീരിനെ തർക്കപ്രദേശമായി ചിത്രീകരിച്ചുകൊണ്ട് "യഹോവയുടെ സാക്ഷികൾ" പ്രചരിപ്പിക്കുന്ന ഇയർബുക്ക്

ശ്രീ. ജി. കാർത്തികേയൻ: സർ, കഴിഞ്ഞദിവസം കേരളത്തിലെ പ്രമുഖ മലയാളപത്രങ്ങളിലൊന്നായ മലയാള മനോരമയിൽ 'മാതൃഭൂമി അവർക്ക് തർക്കഭൂമി' എന്നൊരു വാർത്ത വന്നിരുന്നു. യഹോവയുടെ സാക്ഷികൾ എന്നുപറയുന്ന ഒരു വിഭാഗം ലോകരാജ്യങ്ങളെ ചിത്രീകരിച്ച ഇന്ത്യയുടെ ഭാഗമായ കാശ്മീർ ഒരു തർക്കഭൂമിയായി അവരുടെ 1985 Year book of Jehovah's Witnesses എന്ന ബുക്കിൽ അച്ചടിച്ചു വച്ചിരിക്കുന്നു.

ഇന്ത്യാരാജ്യത്ത് എല്ലാ മതവിഭാഗങ്ങളേയും നമ്മൾ ബഹുമാനിക്കുകയും ആരാധനാസ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്യുന്നു. പക്ഷേ ഈ ആരാധനാസ്വാതന്ത്ര്യം രാജ്യത്തിന്റെ അഖണ്ഡതക്കും ദേശീയ ഐക്യത്തിനും എതിരാകുന്നുണ്ട്. ഇതേ വിഭാഗമാണ് (ഈ സഭയിൽത്തന്നെ ചർച്ചാവിഷയമായിട്ടുള്ള) ദേശീയഗാനം ആലപിക്കുന്നതിന് എതിർപ്പ് പ്രകടിപ്പിച്ചത്. ഭരണഘടനയിലെ ആനുകൂല്യങ്ങൾ ഇവർക്കുവേണം. ഭരണഘടനയിലെ ആനുകൂല്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇഷ്ടപ്പെട്ട ദേശീയഗാനം പറയാൻ ഞങ്ങളെ അനുവദിക്കണമെന്ന് പറഞ്ഞുകൊണ്ട് അവർ കോടതിയിൽപോയി. ഇത് രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതക്കും എതിരാണ്. ഇന്ത്യയുടെ അവിഭാജ്യഘടകമായ, നമ്മുടെ ദേശീയജീവിതത്തിന്റെ മുഖ്യധാരയിൽനിൽക്കുന്ന ഒരു പ്രദേശത്തേയും ഒരു ജനവിഭാഗത്തേയും തർക്കഭൂമിയായി ചിത്രീകരിച്ചുകൊണ്ട് ഈ രാജ്യത്തിനകത്തുംപുറത്തും പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ പുസ്തകത്തെ കണ്ടുകെട്ടണം. ഈ ഇയർപുസ്തകത്തെ കണ്ടു

LIBRARY ARCHIVES Kerala Legislative Assembly

കെട്ടണമെന്നുമാത്രമല്ല എന്ത് മതത്തിന്റെ പേരിലാണെങ്കിലും ഇതിന്റെ മുന്നിലും പിന്നിലും പ്രവർത്തിച്ച ആളുകളുടെപേരിൽ നടപടിയെടുക്കണം. ആരാധനാസ്വാതന്ത്ര്യത്തിന് എതിരല്ല, മതവിഭാഗങ്ങളെ എതിർക്കുന്നില്ല, പക്ഷേ ആരാധനയുടേയും മതസ്വാതന്ത്ര്യത്തിന്റേയും പേരിൽ രാജ്യത്തിന്റെ മുഴുവൻ ജനങ്ങളുടേയും ഐക്യബോധത്തേയും രാജ്യത്തിന്റെ ദേശീയ പ്രബുദ്ധതയേയും തകർക്കുന്നതരത്തിൽ ഇത്തരം നടപടികൾക്ക് നേതൃത്വംകൊടുത്ത ആളുകളുടെ പേരിൽ കർശനനടപടികൾ എടുക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് നേതൃത്വം കൊടുക്കുകയും ഇന്ത്യാഗവൺമെന്റുമായി അടിയന്തിരമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഞാനഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, യഹോവയുടെ സാക്ഷികളെന്ന സഭയുടെ പ്രസിദ്ധീകരണത്തിലാണ് ഇങ്ങനെ കാണിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. സർ, ഈ സഭക്കാരെ സംബന്ധിച്ച് ഇതിനുമുമ്പും പരാതിയുണ്ടായിട്ടുണ്ട്. ദേശീയഗാനം ആലപിക്കുന്നതിനെ ഇവർ വിമർശിക്കുന്നതായിട്ട് അല്ലെങ്കിൽ ദേശീയഗാനം ആലപിക്കാൻ വിസമ്മതിച്ചതായി പരാതികിട്ടിയിട്ടുണ്ട്. ഏതായാലും മതന്യൂനപക്ഷങ്ങൾക്ക് മതം സംരക്ഷിക്കുന്നതിനുള്ള സംരക്ഷണമാണ് ഇന്ത്യൻ ഭരണഘടന നൽകിയിട്ടുള്ളത്. ഇന്നത്തെ ഗവൺമെന്റാകട്ടെ അത് അക്ഷരാർത്ഥത്തിൽ കാത്തുസൂക്ഷിക്കുന്ന കാര്യത്തിൽ ബാദ്ധ്യസ്ഥരാണ്, അതിൽ താൽപ്പര്യം ഉള്ളവരാണ്. അത് സംരക്ഷിക്കുകതന്നെ ചെയ്യും. പക്ഷേ മതവിശ്വാസത്തിന്റെ മറവിൽനിന്നുകൊണ്ട് വിദേശ ഏജൻസികളുടെ സഹായത്തോടുകൂടി ഇന്ത്യയെ എതിർക്കയാണ്. ഈ പ്രവർത്തനങ്ങളെ ഒരു ഗവൺമെന്റിനും അനുവദിച്ചുകൊടുക്കാൻ സാദ്ധ്യമല്ല. ഈ കാര്യങ്ങളെസംബന്ധിച്ച് ഗവൺമെന്റ് അന്വേഷിച്ച് സത്വരമായ നടപടികൾ സ്വീകരിക്കും. മതത്തിന്റെ മറവിൽനിന്നുകൊണ്ട് ഇത്തരം ദേശീയവിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്നത് ഒരിക്കലും അനുവദിച്ചുകൊടുക്കാൻപ്പറ്റില്ലെന്ന് വ്യക്തമാക്കുകയാണ്. മതന്യൂനപക്ഷങ്ങൾക്ക് പരിപൂർണ്ണസംരക്ഷണം നൽകുകയെന്നുള്ളത് ഈ ഗവൺമെന്റിന്റെയും ഇന്ത്യാഗവൺമെന്റിന്റെയും ബാദ്ധ്യതയാണ്. അതുനിർവ്വഹിക്കും. അതേസമയം ഇത്തരത്തിലുള്ള രാജ്യദ്രോഹനടപടികൾ ഒരിക്കലും അനുവദിക്കുകയില്ല, ആവശ്യമായ നടപടികൾ സ്വീകരിക്കും.

## V റിപ്പോർട്ട് സമർപ്പണം

### (1) 1984-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലക്കെടുക്കൽ) ഭേദഗതിബിൽ സംബന്ധിച്ച സബ്ജക്ട് കമ്മറ്റി റിപ്പോർട്ട്

*Minister for Industry* **(Shri E. Ahammed):** Sir, I present the Report of the Subject Committee on the Kerala Cashew Factories (Acquisition) Amendment Bill, 1984 together with the Bill as reported by the Subject Committee.

### (2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. എം. എം. ഹസ്സൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

**Mr. Speaker:** റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly